# മെത്രാപ്പോലീത്തായുടെ കത്ത്

(ഫെബ്രുവരി 2015)



**കർത്താവിൽ പ്രിയരേ,**

സഭയുടെ ആത്മീകവും, സാമൂഹികവുമായ പ്രതിബദ്ധതയെ പുനർവിചിന്തനത്തിന് വിധേയമാക്കുന്ന മാരാമൺ കൺവൻഷൻ സമാഗതമാകുന്നു. മനുഷ്യ ജീവിതത്തിന്റെ സങ്കീർണ്ണതകളിൽ നിരന്തരം ഉയർത്തപ്പെടുന്ന നിരവധി ചോദ്യങ്ങൾക്കു ദൈവ വചനത്തിന്റെ ദിവ്യ വെളിച്ചത്തിൽ ഉത്തരം കണ്ടെത്തി പുതിയ ദിശാബോധത്തോടുകൂടി സഭാ നൗകയുടെ യാത്ര അനുസ്യൂതം മുന്നോട്ടു പോകുവാൻ ദൈവാശ്രയത്തോടും വിശ്വാസ സ്ഥിരതയോടും കൂടി അദ്ധ്വാനിച്ച പൂർവ്വ പിതാക്കന്മാരുടെ നന്മകളെ ഓർത്ത് നമുക്ക് ദൈവത്തെ മഹത്വപ്പെടുത്താം. മനുഷ്യ സൃഷ്ടിയുടെ ആരംഭത്തിൽ ദൈവം ചോദിച്ച "നീ എവിടെ?" "നിന്റെ സഹോദരൻ എവിടെ?" എന്നീ ചോദ്യങ്ങൾ എക്കാലത്തും പ്രസക്തമാണ്. ''നീ എവിടെ'' എന്ന ചോദ്യം നാം ആയിരിക്കുന്ന അവസ്ഥയെ വിവേചിക്കുന്നതിനും, നാം ആയിത്തീരേണ്ടുന്ന അവസ്ഥയിലേക്കു നയിക്കപ്പെടുന്നതിനും നമ്മെ നിരന്തരം പ്രചോദിപ്പിക്കുന്ന ചോദ്യമാണ്. ദൈവവുമായുള്ള ബന്ധത്തിൽ നാം ഇന്ന് എവിടെ? ഏതു അവസ്ഥയിൽ? ആയിരിക്കുന്നു എന്ന് ആത്മപരിശോധന നടത്തേണ്ട ഉത്തരവാദിത്തം നമുക്കുണ്ട്. ദൈവവുമായുള്ള ബന്ധത്തിൽ നാം എവിടെയായിരിക്കുന്നു എന്ന് ചിന്തിക്കുന്നതിനോടൊപ്പം നാം ചോദിക്കേണ്ട ചോദ്യമാണ് "നിന്റെ സഹോദരൻ എവിടെ?" എന്ന ചോദ്യം. ദൈവം നമ്മെ ഭൂമിയിൽ സാഹോദര്യത്തിലൂടെ പരസ്പരം കാവൽക്കാരായിരിക്കുവാൻ നിയോഗിച്ചിരിക്കുന്നു എന്ന ദർശനത്തിൽ നിന്നും ഉരുത്തിരിഞ്ഞിരിക്കുന്ന ചോദ്യമാണിത്. സാഹോദര്യത്തിന്റെ ഒരു വീണ്ടെടുപ്പിലേക്ക് വ്യക്തികളും, കുടുംബങ്ങളും, സഭകളും, രാഷ്ട്രങ്ങളുമെല്ലാം ഉണരേണ്ടതായിട്ടുണ്ട്. ലോക രാഷ്ട്രങ്ങൾ നിരവധി സംഘർഷങ്ങളിലൂടെയും, പ്രതിസന്ധികളിലൂടെയും, കടന്നുപോകുന്ന ഈ കാലഘട്ടത്തിൽ ഈ ചോദ്യങ്ങൾക്ക് ഏറെ പ്രസക്തിയുണ്ട്. മതത്തിന്റെ പേരിൽ മനുഷ്യാവകാശങ്ങൾ നിഷേധിക്കപ്പെടുകയും, ധ്വംസിക്കപ്പെടുകയും ചെയ്യുന്ന പ്രവണതകൾ ഭീകരതയുടെ ദുർമുഖങ്ങളാണ്. അപ്പോസ്തോലനായ യോഹന്നാന്റെ ശിഷ്യനായ മാർ ഇഗ്നാത്തിയോസിന്റെ ശിഷ്യനായ മാർ പോളിക്കാർപ്പസ് എന്ന സഭാ പിതാവിന്റെ ജീവിതാന്ത്യത്തിൽ വിശ്വാസം പരിത്യജിക്കുവാൻ നിർബന്ധിച്ച ഭരണകൂടത്തോട് അദ്ദേഹം പറഞ്ഞ വാക്കുകൾ ഇന്നും വിശ്വാസികൾക്ക് കരുത്തു പകരുന്നതാണ്. അദ്ദേഹം പറഞ്ഞു- "86 സംവത്സരങ്ങൾ എന്നെ കാത്തു പരിപാലിച്ച് എന്നെ സ്നേഹിച്ച എന്റെ കർത്താവിനെ തള്ളിപ്പറഞ്ഞ് ജീവിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല.'' ഭീകരതയുടെ ദുർമുഖത്തെ പുഞ്ചിരിയോടെ നേരിട്ട് വിജയം വരിച്ച് രക്തസാക്ഷിത്വം വരിച്ച അദ്ദേഹത്തിന്റെ വിശ്വാസ പ്രഖ്യാപനം നമുക്കെന്നും, വിശ്വാസ വഴികളിൽ കരുത്തും, പ്രത്യാശയും പകരുന്നതാണ്. ആദിമ സഭയിലെ ആദ്യ രക്തസാക്ഷിയായ സ്തേഫാനോസിന്റെ ജീവിത സാക്ഷ്യവും ഇതുതന്നെയാണ് വ്യക്തമാക്കുന്നത്. "എന്റെ സാക്ഷികൾ ആകുവിൻ" എന്ന കർത്താവിന്റെ കൽപ്പന ഏറ്റുവാങ്ങുന്നവർ രക്തസാക്ഷിത്വം ഏറ്റെടുക്കുവാനുള്ള ഉത്തരവാദിത്വമാണ് ഏറ്റെടുക്കുന്നത് എന്ന് നാം തിരിച്ചറിയേണ്ടുന്നതാണ്.

സഭയുടെ ഒരു ശെമ്മാശനായി നാം ശുശ്രൂഷയിൽ പ്രവേശിച്ചിട്ട് 57 സംവത്സരങ്ങൾ ഈ വർഷം പൂർത്തിയാകുകയാണ്. സഭയുടെ ഒരു മേൽപ്പട്ടക്കാരനായതിന്റെ 40 വർഷവും പൂർത്തിയാക്കുന്നു. തിരിഞ്ഞു നോക്കുമ്പോൾ അവിസ്മരണീയമായ അനുഭവങ്ങളിലൂടെയും, വെല്ലുവിളികൾ നിറഞ്ഞ തീക്ഷ്ണമായ അനുഭവങ്ങളിലൂടെയും കൈവിടാതെ കൂടെയിരുന്ന് വഴിനടത്തിയ സർവ്വശക്തനായ ദൈവത്തിന്റെ കൃപകൾ അവർണ്ണനീയമത്രെ. മലയോര പ്രദേശങ്ങളിലും, ഗ്രാമപ്രദേശങ്ങളിലും, നഗര പ്രദേശങ്ങളിലും പ്രവർത്തിക്കുവാൻ ദൈവം അവസരം നൽകിയിട്ടുണ്ട്. തോട്ടപ്പള്ളി മുതൽ കന്യാകുമാരിവരെയും, കൊല്ലം മുതൽ ചെങ്കോട്ട വരെയുമുള്ള വിസ്തൃതമായ പ്രദേശം ഉൾപ്പെട്ടിരിക്കുന്ന കൊല്ലം-കൊട്ടാരക്കര ഭദ്രാസനത്തിന്റെ ചുമതലകൾ അടൂരിൽ താമസിച്ച് നിർവ്വഹിച്ചതിന്റെ 40-ാം സംവത്സരമാണിത്. ആ കാലഘട്ടങ്ങളിൽ സഭാഭരണത്തിന്റെ വഴികളിലൂടെ സഹോദര നിർവിശേഷമായ സ്നേഹവും, വാത്സല്യവും നൽകി

യൂഹാനോൻ മാർത്തോമ്മാ മെത്രാപ്പോലീത്താ തിരുമേനി വഴിനടത്തിയത് അനുസ്മരിക്കുന്നു. ഫെബ്രുവരി 8-ാം തീയതി എപ്പിസ്ക്കോപ്പൽ ശുശ്രൂഷകളുടെ 41-ാം വാർഷികമാണ്. അന്ന് മാരാമൺ കൺവൻഷൻ ആരംഭിക്കുകയും ചെയ്യുന്നു. ഏവരുടെയും പ്രാർത്ഥനയുടെ പിൻബലം അഭ്യർത്ഥിക്കുന്നു.

ലോകമൊക്കെയും ഭീകരതയുടെ ദുർമുഖങ്ങൾ നാം കാണുമ്പോഴും അടുത്തയിടെ ചില പ്രതീക്ഷകളുടെ കതിരുകളും തെളിഞ്ഞു വന്നു എന്നത് ശുഭകരമായ സൂചനകളാണ് നൽകുന്നത്. 50ൽ പരം വർഷങ്ങളായി ആശയ വിനിമയം പോലുമില്ലാതിരുന്ന അമേരിക്കയും, ക്യൂബയും പരസ്പരസഹകരണം പുനഃസ്ഥാപിച്ച് ഒരു പുതുയുഗത്തിലേക്ക് നടന്നു കയറുന്നത് വലിയ പ്രതീക്ഷയോടെയാണ് ലോകം ഉറ്റുനോക്കുന്നത്. കാലതാമസം കൂടാതെ ഇരു രാജ്യങ്ങളും നയതന്ത്രാലയങ്ങൾ സ്ഥാപിക്കുവാനുള്ള ശ്രമവും നടക്കുന്നുണ്ട്. റഷ്യൻ പ്രസിഡന്റ് വ്ളാഡിമർ പുടിന്റെ സന്ദർശനവും, അമേരിക്കൻ പ്രസിഡന്റ് ബരാക്ക് ഒബാമയുടെ സന്ദർശനവും പ്രതീക്ഷകൾക്ക് തിളക്കം കൂട്ടുന്നുണ്ട്. രാഷ്ട്രീയ രംഗത്തുള്ള അന്ധകാര പൂർണമായ അന്തരീക്ഷത്തിന്റെ കാഠിന്യം കുറയ്ക്കുവാൻ ഈ സംഭവവികാസങ്ങൾ ഉപകരിക്കുന്നുണ്ടെങ്കിലും ജാതിമത വേർതിരിവുകളെ പർവ്വതീകരിച്ച് ''ഘർ വാപസി'' എന്ന മുദ്രാവാക്യത്തിലൂടെ തങ്ങളുടെ അജണ്ട അവതരിപ്പിക്കുന്നവർ ലക്ഷ്യമാക്കുന്നത് പണ്ടുകാലത്ത് അവർ ആയിരുന്ന നിഷേധത്തിന്റെയും, പാർശ്വവൽക്കരണത്തിന്റെയും, ശബ്ദരഹിതമായ അടിമത്ത്വത്തിന്റെയും അനുഭവങ്ങളിലേക്ക് അവരെ നയിക്കുവാനാണോ ശ്രമിക്കുന്നത് എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. അതോ, പ്രധാനമന്ത്രി പ്രഖ്യാപിക്കുന്ന അഖണ്ഡ ഭാരതത്തിന്റെ ദർശനങ്ങളിലൂന്നി പുരോഗതി കൈവരിക്കുകയാണോ അഭിലഷണീയമായിട്ടുള്ളത് എന്ന് ചിന്തിക്കണം. 66-ാം റിപ്പബ്ലിക്ക് ദിനം ഭാരതം ആഘോഷിച്ചിരിക്കുന്ന ഈ വേളയിൽ ഭരണഘടന നൽകുന്ന മതസ്വാതന്ത്ര്യം നിഷേധിക്കുവാൻ വ്യക്തികൾക്കോ, രാഷ്ട്രീയ പാർട്ടികൾക്കോ, ഗവർണ്മെന്റിനു പോലുമോ യാതൊരു അവകാശവും ഇല്ല എന്നുതിരിച്ചറിയണം.

സ്വതന്ത്ര ഭാരതം വികസനത്തിലേക്ക് കുതിച്ചത് ഏകാധിപത്യം കൊണ്ടോ, സർവ്വാധിപത്യം കൊണ്ടോ അല്ല. ജനങ്ങളുടെ സ്വാതന്ത്ര്യം സംരക്ഷിച്ചുകൊണ്ടും, ജനാധിപത്യ മതേതര മൂല്യങ്ങൾ മുറുകെ പിടിച്ചുകൊണ്ടുമാണ് എന്ന സത്യം നാം വിസ്മരിക്കരുത്. ഭാരത ജനസംഖ്യയിൽ 85 കോടി ജനങ്ങൾ ഇന്ന് ദാരിദ്രരേഖയ്ക്കു മുകളിലാണ്. ബി.പി.എൽ., രേഖയുടെ താഴെയുള്ള വരെക്കൂടി ജീവിത സൗഭാഗ്യങ്ങളിലേക്കു പ്രവേശിപ്പിക്കുവാനുള്ള സത്വരനടപടികളിലാണ് ഈ കാലഘട്ടത്തിൽ രാഷ്ട്രം ശ്രദ്ധപതിപ്പിക്കേണ്ടത്; എങ്കിൽ മാത്രമെ എല്ലാവരും ദൈവജനമായിത്തീരുന്ന ഗാന്ധിജിയുടെ സ്വപ്നത്തിലെ ഭാരതം (രാമരാജ്യം) യാഥാർത്ഥ്യമായിത്തീരുകയുള്ളൂ. ''ലോകത്തിനു കിട്ടിയ മഹത്തായ ഉപഹാരമാണ് ഗാന്ധിജി'' എന്നാണ് റിപ്പബ്ലിക്ക് ചടങ്ങിൽ പങ്കെടുക്കുവാൻ ഇന്ത്യയിലെത്തിയ അമേരിക്കൻ പ്രസിഡന്റ് ബരാക്ക് ഒബാമ രാഷ്ട്ര പിതാവിന്റെ സമാധി സ്ഥലമായ രാജ്ഘട്ടിൽ ആദരാഞ്ജലി അർപ്പിച്ച ശേഷം എഴുതിയ സന്ദേശത്തിൽ കുറിച്ചത്. അതോടൊപ്പം അദ്ദേഹം എഴുതി - "മാർട്ടിൻ ലൂഥർ കിംഗ് പറഞ്ഞത് ഇന്നും സത്യമായി നിലനിൽക്കുന്നു. മഹാത്മാ ഗാന്ധിജിയുടെ ആത്മ ചൈതന്യം ഇപ്പോഴും ഇൻഡ്യയിലുണ്ട്. അതു ലോകത്തിനുള്ള ഏറ്റവും വലിയ സമ്മാനമാണ്. രാജ്യങ്ങൾക്കിടയിലും, ജനങ്ങൾക്കിടയിലും, സമാധാനത്തിന്റെയും സ്നേഹത്തിന്റെയും ഗാന്ധിചൈതന്യമുൾക്കൊണ്ടാകട്ടെ നമ്മുടെ ജീവിതം." ഗാന്ധിജിയുടെ സ്വപ്നം സാക്ഷാത്കരിക്കുന്നതിനായി ഭാരതം ഒറ്റക്കെട്ടായി നീങ്ങുന്നതിനായി നമുക്ക് പ്രാർത്ഥിക്കാം.

രണ്ടാം ലോകമഹായുദ്ധത്തിൽ വീരചരമമടഞ്ഞ സൈനീകരുടെ നാഗാലാന്റിലെ സ്മശാനത്തിന്റെ വാതിൽക്കൽ എഴുതിയിരിക്കുന്ന വാക്കുകൾ വളരെ ഹൃദയസ്പർശിയാണ്. ''നിങ്ങളുടെ നാളേക്കായി ഞങ്ങളുടെ ഇന്നുകളെ ഞങ്ങൾ സമർപ്പിക്കുന്നു.'' യുദ്ധത്തിൽ വെടിയേറ്റ് രക്തം വാർന്ന് കിടന്ന ഒരു സൈനീകൻ ഒരു പുൽക്കൊടിയെടുത്ത് ചോരയെ മഷിയാക്കി എഴുതിയ വാചകമായിരുന്നു അത്. ആ വാക്കുകളിൽ ഭാരതത്തിന്റെ ഒരു നല്ല നാളേക്കുവേണ്ടി ജീവിതാർപ്പണം ചെയ്ത ആളുകളുടെ ത്യാഗത്തിന്റെ സ്മരണകൾ ഇരമ്പുന്നത് നാം കേൾക്കാതെയിരിക്കരുത്.

ഈ വർഷം ഫെബ്രുവരി 8 ന് ആരംഭിക്കുന്ന മാരാമൺ കൺവൻഷനിലൂടെ ലഭിക്കുന്ന ദൂത് നമ്മുടെ സഭാജീവിതത്തിലും, കുടുംബജീവിതത്തിലും, ദിശാബോധത്തിന്റെ ദൃഢത നൽകാൻ ഇടയാകട്ടെ എന്ന് ആശംസിക്കുന്നു. നമുക്ക് അനുഗൃഹീതമായ ദൂത് നൽകുവാൻ മെതഡിസ്റ്റ് ബിഷപ്പ്സ് കൗൺസിലിന്റെ അദ്ധ്യക്ഷനും, ശ്രീലങ്കയിൽ നിന്നുള്ള ആദർശ പുരുഷനുമായ റവ. ഡോ. ദുഷന്ത റൊഡ്രിഗോ, ബിഷപ്പ് സിഫോ ഡി. സിവ, ദീർഘകാലം വചനത്തിന്റെ പാതയിലൂടെ നമ്മെ നടത്തിയ ശ്രേഷ്ഠാചാര്യനായ ഡോ. സാം കമലേശൻ എന്നിവർ എത്തിച്ചേരുന്നു എന്നത് ഒരു മഹാഭാഗ്യം തന്നെയാണ്. ചിട്ടയോടുകൂടി മാരാമണ്ണിന്റെ സാംസ്ക്കാരിക പൈതൃകം നിലനിർത്തി, ശുഭ്രവസ്ത്ര ധാരികളായി ആഭരണ ഭ്രമമില്ലാതെയും, പുകയില, മയക്കുമരുന്ന്, മദ്യം എന്നിങ്ങനെയുള്ള സാമൂഹിക ദോഷങ്ങൾ വെടിഞ്ഞും, ആത്മ നിയന്ത്രണത്തിലൂടെ വിശുദ്ധി

യുടെ അലങ്കാരത്തിൽ നമുക്ക് വചനകേൾവിക്കായി കൂടിവരുവാൻ കഴിയണം. മാരാമൺ കൺവൻഷന്റെ മഹത്തായ പാരമ്പര്യം ഇതാണ്. യോഗം കഴിഞ്ഞ് ആശിർവാദം കഴിയുന്നതുവരെ മാരാമണ്ണിന്റെ ശിക്ഷണം പാലിച്ച് ഇരിക്കുവാൻ ശ്രമിക്കണം. ഇന്നയോളം മാരാമണ്ണിൽ ദൃശ്യമായ അച്ചടക്കം ബാഹ്യസമ്പർക്കങ്ങൾ കൊണ്ടോ, നിയന്ത്രണങ്ങൾ കൊണ്ടോ രൂപപ്പെട്ടതല്ല, മറിച്ച് ആത്മ നിയന്ത്രണ ത്തിലൂടെ സാധ്യമായ അച്ചടക്കമായിരുന്നു എന്നത് എന്നും നമുക്ക് മാതൃകയാകണം. മലങ്കര മാർത്തോമ്മാ സുറിയാനി സഭയ്ക്കും, മലങ്കര യാക്കോബായ സുറിയാനി സഭയ്ക്കും വിശ്വാസ കാര്യങ്ങളിൽ ദൃഢമായി ഉറച്ചു നിന്നുകൊണ്ട് തന്നെ ഏതെല്ലാം മേഖലകളിൽ സഹകരിക്കാം എന്നതിനെ ക്കുറിച്ച് ചിന്തിക്കുന്നതിനായി ഒരു കമ്മീഷൻ രൂപികരിച്ച് നടപടികൾ ആരംഭിച്ചിട്ടുണ്ട്. മുളന്തുരുത്തി സുന്നഹദോസിനുശേഷം മലങ്കര സഭയിൽ ഉളവായ അകൽച്ച ഇന്നും നിലനിൽക്കുന്ന പശ്ചാത്തലത്തിൽ പ്രായോഗികമായ ഐക്യത്തിന്റെ മാർഗങ്ങൾ ആരായുകയും, പരസ്പര പൂരകങ്ങളായി ഇരു സഭകളും വർത്തിക്കുന്നതിന് സാഹചര്യം ഉളവാക്കു കയും ചെയ്യുകയാണ് ഇതിന്റെ ലക്ഷ്യം. പ്രസ്തുത ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന്, ആകമാന സുറിയാനി സഭയുടെ പരമാദ്ധ്യക്ഷൻ മോറാൻ മോർ ഇഗ്നാത്തിയോസ് അപ്രേം ദ്വിതീയൻ പാത്രീയാർ ക്കീസ് ബാവാ തിരുമേനി ഫെബ്രുവരി 13-ാം തീയതി വെള്ളിയാഴ്ച്ചത്തെ മാരാമൺ യോഗത്തിൽ നമ്മുടെ ക്ഷണം സ്വീകരിച്ച് എഴുന്നെള്ളി വന്നു സംബന്ധി ക്കുന്നതും ദൂത് അറിയിക്കുന്നതും പ്രചോദനമായി ത്തീരും എന്നതാണ് ഈ വർഷത്തെ പ്രധാന സവിശേഷതയും, അവിസ്മരണീയമായ ചരിത്ര സംഭവവും.

ഈ മാസത്തെ ധ്യാനത്തിലേക്കു പ്രവേശി ക്കുമ്പോൾ സമസ്ത ജനതയ്ക്കും സമഗ്രതയും, സൗഖ്യവും കൈവരിക്കുവാൻ തക്കവണ്ണം സഭ ഒരു സൗഖ്യദായക സമൂഹമായി മാറേണ്ടതിന്റെ ആവശ്യകതയാണ് നാം ആദ്യം ധ്യാനിക്കുന്നത്. ഈ ദർശനത്തോടുകൂടിയാണ് ഫെബ്രുവരി 1 ഞായർ മെഡിക്കൽ മിഷൻ ഞായറായി വേർതിരിച്ച് ആചരിക്കുന്നത്. 120-ാമത് മാരാമൺ കൺവൻഷൻ ആരംഭം കുറിക്കുന്ന ഫെബ്രുവരി 8-ാം തീയതി ഞയറാഴ്ച സൃഷ്ടികളുടെ നന്മ എന്നതാണ് ധ്യാനവിഷയം. പാപദാസ്യത്തിൽ നിന്നും സമസ്ത മാനവരാശിയെയും വിടുവിക്കാൻ തന്നെതന്നെ ബലിയായി അർപ്പിക്കാനുള്ള യേശുവിന്റെ യെരുശലേ മിലേക്കുള്ള യാത്രയിലെ ഓരോ ചുവടുവയ്പ്പും സർവ്വസൃഷ്ടികളുടെയും നന്മയെക്കരുതിയുള്ള ചുവടുവയ്പ്പുകളായിരുന്നു എന്നത് നാം ഓർക്കണം. ഫെബ്രുവരി 15ന് വലിയ നോമ്പ് ആരംഭിക്കുന്നു. നോമ്പ് സമഗ്രമായ ഒരു ജീവിത രൂപാന്തരത്തിനും, സൗഖ്യത്തിനും, നിറപ്പിന്റെ അനുഭവത്തിനും വേണ്ടിയുള്ള ആഹ്വാനമാണ്. നമ്മുടെ കർത്താവിന്റെ പരസ്യശുശ്രൂഷയുടെ ഓരോ സന്ദർഭത്തിലും നാം ഇത് കാണുന്നുണ്ട്. കുഷ്ഠരോഗിയെ സ്പർശിച്ച് സൗഖ്യമാക്കിയ കർത്താവ് മാനവീകതയുടെ ധന്യതയിലേക്കാണ് അവനെ പ്രവേശിപ്പിച്ചത്. വിജാതീയനായ ശതാധിപനെപ്പോലും ആദരിച്ച് അംഗീകരിച്ച് അവന്റെ വിശ്വാസത്തിന്റെ തീക്ഷ്ണ തയെ പ്രകീർത്തിക്കുന്ന കർത്താവിനെ വി. ലൂക്കോസ് 7: 2-10 വരെയുള്ള വാക്യങ്ങളിൽ നമുക്ക് കാണാം. ദീനം പിടിച്ച് മരിപ്പാറായ തന്റെ പ്രീയ ദാസനുവേണ്ടി യേശുവിന്റെ അടുക്കലേക്ക് യഹൂദന്മാരുടെ മൂപ്പന്മാരെ അപേക്ഷയുമായി അയയ്ക്കുന്ന ശതാധിപനെക്കുറിച്ച് മൂപ്പന്മാർ പറയുന്നത് "നീ അതു ചെയ്തുകൊടുപ്പാൻ അവൻ യോഗ്യൻ, അവൻ നമ്മുടെ ജനത്തെ സ്നേഹിക്കുന്നു. ഞങ്ങൾക്ക് ഒരു പള്ളിയും തീർപ്പിച്ചു തന്നിരിക്കുന്നു" എന്ന അനിഷേധ്യമായ സാക്ഷ്യ മാണ്. താൻ വൻകാര്യങ്ങൾ ചെയ്തു എന്ന് ശതാധിപൻ സ്വയം പറയുകയല്ല, മറ്റുള്ളവർ അദ്ദേഹത്തെക്കുറിച്ച് പറയുകയാണ് ചെയ്തത്. ഇതാണ് ശരിയായ സാക്ഷ്യം. അതേ സമയം യേശുവിനോട് ശതാധിപൻ പറയുന്ന വാക്കുകൾ ഏറ്റവും വലിയ വിനയത്തിന്റെ മാതൃകയാണ്. ഈ വിനയവും, തന്നിലുള്ള ശതാധിപന്റെ വിശ്വാസ പ്രഖ്യാപനവും തിരിച്ചറിഞ്ഞ കർത്താവ് വിജാതീ യനായ ആ ശതാധിപന്റെ വിശ്വാസത്തെ അംഗീകരിച്ച് പ്രഖ്യാപിക്കുന്നത് "യിസ്രായേലിൽക്കൂടി ഇങ്ങനെ യുള്ള വിശ്വാസം ഞാൻ കണ്ടിട്ടില്ല" എന്നാണ്. ഇന്ന് ഈ വിശ്വാസ തീക്ഷ്ണത നമുക്ക് എത്രമാത്രം ഉണ്ട് എന്ന് ഈ നോമ്പ് നാളുകളിൽ നാം വിനയപൂർവ്വം ആലോചിക്കണം. നസ്രേത്തിൽ വച്ച് യേശു പ്രഖ്യാ പിക്കുന്ന മാനിഫെസ്റ്റോ (ലൂക്കോസ് 4:16-20) യെശയ്യാവിന്റെ പ്രവചനം 61-ാം അദ്ധ്യായത്തിലെ തിരഞ്ഞെടുത്ത ചില വാക്യങ്ങളാണ്. എന്നാൽ കർത്താവ് വായിച്ചവതരിപ്പിക്കുമ്പോൾ "നമ്മുടെ ദൈവത്തിന്റെ പ്രതികാര ദിവസ"ത്തെക്കുറിച്ചുള്ള പ്രവചനഭാഗം ഒഴിവാക്കിയാണ് വായിച്ചത്. കർത്താവ് ലോകത്തിനു നൽകുന്ന ഏറ്റവും നിർണായകമായ സന്ദേശം പ്രതികാര ദിവസത്തെക്കുറിച്ചുള്ള മുന്നറിയിപ്പല്ല, പ്രത്യുത എല്ലാവരെയും വീണ്ടെടു ക്കുന്ന ദൈവസ്നേഹത്തിന്റെ സുവിശേഷമാണ്. ഈ ദൈവസ്നേഹത്തിന്റെ പ്രഘോഷകരും അംശികളു മായിത്തീരാൻ ദൈവം നമ്മെ സഹായിക്കട്ടെ.

കൃപ നിങ്ങളേവരോടുംകൂടെയിരിക്കട്ടെ

**ഡോ. ജോസഫ് മാർത്തോമ്മാ**
**മെത്രാപ്പോലീത്താ**

തിരുവല്ല, പുലാത്തീൻ
റിപ്പബ്ലിക്ക് ദിനം, 2015.